# അനിവാര്യമായ ഭദ്രാസന പുനർവിഭജനത്തിന് ഒരു അമേരിക്കൻ നേർക്കാഴ്ച

(കോരസൺ വർഗീസ്. ഭദ്രാസന ആത്മായ ട്രസ്റ്റി. അമേരിക്കൻ ഭദ്രാസനം)

വാദവും വിവാദവുമായി പ്രത്യക്ഷപ്പെടുതിനു മുമ്പുതന്നെ, മലങ്കരസഭയുടെ വളർച്ചയുടെ ഭാഗമായി ഇന്നത്തെ സങ്കീർണ്ണമായ സാഹചര്യങ്ങളും കണക്കാക്കിയാൽ ഒരു പുനർവിഭജനം ആവശ്യമായി വരുന്നുണ്ട്. പരിണയിച്ച ഭൂഖണ്ഡത്തിലെ ഭൂതകാല പോരാട്ടങ്ങളും സഹനങ്ങളും വർത്തമാനകാലത്തെ സമസ്യകളും കൂട്ടിവായിച്ചാലെ വിഭജനങ്ങളുടെ വ്യാമോഹങ്ങൾ നിരീക്ഷിക്കാനാവൂ.

കുടിയേറ്റ സംസ്ക്കാരത്തിന്റെ ഭാഗമായി ചേക്കേറിയ സമൂഹങ്ങളിൽ ആരാധിക്കുവാനുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെ പേരിൽ തുടങ്ങിയ കൂട്ടായ്മകൾ, പള്ളികളായി. പിന്നെ ഭദ്രാസനമായി മാറി. അമേരിക്കൻ ഭദ്രാസനം നിലവിൽ വിന്ന് 30 ഓളം വർഷങ്ങളാവുന്നു. ഇവിടെ 5000 ലധികം കുടുംബങ്ങൾ 80ൽ പരം കേന്ദ്രങ്ങളിലായി ആരാധന നിർവ്വഹിക്കുന്നു. ഏകദേശ കണക്കനുസരിച്ച് അടുത്ത 10 വർഷങ്ങളിലായി ആയിരത്തോളം കുടുംബങ്ങൾ വീണ്ടും ഇവിടേക്കു കടന്നു വരാം.

കൂടുതലും ദേവാലയങ്ങൾ വലിയ പട്ടണങ്ങളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. എന്നാൽ അപ്രമുഖ സ്ഥലങ്ങളിലേക്ക്, തൊഴിൽ സാധ്യതകളും ജീവിത നിലവാരത്തിന്റെ തോതും ശ്രദ്ധിച്ച്, നീങ്ങുന്ന ഒരു പുതിയ പ്രവണത നമ്മുടെ സമൂഹത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ reverse moving population ക്രമമനുസരിച്ച്, അനുരൂപമായ ആരാധനാ ക്രമീകരണങ്ങളും പള്ളികളുടെ പുന:ക്രമീകരണങ്ങളും ഉണ്ടാവാനുള്ള സാധ്യതയുണ്ട്. അമേരിക്കൻ സ്ഥിതി വിശേഷങ്ങൾ നാട്ടിലെ ഭദ്രാസന ക്രമീകരണങ്ങളുടെ മാനദണ്ഡത്തിൽ ചിന്തിക്കുന്നത് മൗഢ്യമാണ്. ഭൂപ്രകൃതിയുടെ വിസ്തീർണ്ണവും പള്ളികളുടെ എണ്ണവും മാത്രം നോക്കി ഭദ്രാസനം നിശ്ചയിക്കുന്നത് ശരിയല്ല. തുച്ഛമായ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിലും മിനിമം ആളുകളെ കൂട്ടി ആരാധനാ സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്, അവയൊക്കെ ശാസ്ത്രീയമായി പറഞ്ഞാൽ പള്ളികൾ തന്നെ. ഇപ്പോഴത്തെ തലമുറ ഇവിടെ ഇപ്പോൾ ജീവിക്കുന്നത് ഭാരത സഭയുടെ സമസ്ത സംസ്കാരവും പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ്. എന്നാൽ ഈ തലമുറയുടെ വികസിത ചക്രവാളം അത്ര അകലെയല്ല എന്നും പുതിയ തലമുറ നേതൃത്ത്വത്തിലേക്ക് രംഗപ്രവേശനം ചെയ്തു കഴിഞ്ഞു എന്നും മനസിലാക്കണം. അവരെ സംബന്ധിച്ച് ഭാരതവും, സിറിയയും, ഇറാക്കുമൊക്കെ ഒരേ മാനസിക അവസ്ഥയിലാണ് ഉൾക്കൊള്ളാനാവുക. മാറുന്ന സാമൂഹിക താളക്രമങ്ങൾക്കനുസരിച്ച് പുതിയ ദിശാബോധം ഉണ്ടാക്കാനാണ് നേതൃത്വം ശ്രമിക്കേണ്ടത്.

അമേരിക്കൻ സാമൂഹിക നിയമങ്ങളുടെ ചടുലതയിൽ, ഏതു ന്യൂനപക്ഷവംശവർഗ്ഗീയ സമൂഹത്തിനും മാറ്റങ്ങൾ കൂടാതെ അടിസ്ഥാനപരമായി നിലനിൽക്കാൻ കടമ്പകൾ ഏറെയാണ്. കൊളോണിയൻ സംവിധാനങ്ങൾ ഉള്ള റോമൻ കത്തോലിക്കാ സഭയിലെപ്പോലെ വിപുലീകരിച്ച ഒരു ഉറച്ച സംവിധാനം ഇല്ലാതെ നമ്മുടേതുപോലെയുള്ള സഭകൾക്ക് കേവലം തദ്ദേശീയ കൂട്ടായ്മകൾ പോലെ നിലനിൽക്കണോ അതോ മാതൃസഭയുടെ ഭാഗമായി നിലനിൽക്കണോ എന്ന ചോദ്യം ഉണ്ടായിക്കൊണ്ടിരിക്കും. വരും കാലങ്ങളിൽ അവയുടെ തീവ്രത വർദ്ധിക്കുകയും ചെയ്യും.

വിവിധ സാഹചര്യങ്ങളിലായി ഇവിടെ എത്തിച്ചേർന്ന വൈദികരെ ചുറ്റിപ്പറ്റി നിലനിന്ന ആരാധനാ കൂട്ടങ്ങൾ ദിവാസ്വപ്നങ്ങൾ ഒട്ടുമില്ലാതെ, താത്കാലിക ക്രമീകരണങ്ങളായിരുന്നു. അതിനാൽ വൈദികരെ പൂർണ്ണമായി സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം സഭയ്ക്കോ സമൂഹത്തിനോ ഇല്ലാതെ പോയി. ഒരു പക്ഷെ അതേ സാഹചര്യമാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇടവകകൾ ക്രമീകരിച്ച് വൈദീകരെ നിയമിക്കയും പൊതുശമ്പള പദ്ധതിയും മാറ്റങ്ങളും ഒന്നും നടപ്പിലാക്കാനാവാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. അതിനാൽ വൈദികർ അവരുടെ കുടുംബം നിലനിർത്തുവാനായി സ്വയം ജോലി കണ്ടെത്തുകയും പള്ളിക്കാര്യങ്ങൾ കൂടെ കൊണ്ടുപോവാൻ ശ്രമിക്കുകയും ചെയ്യുന്നു. സഭാംഗങ്ങളെ സംബന്ധിച്ച് അനുയോജ്യമായ പള്ളികൾ കണ്ടെത്താനും അസ്വീകാര്യമായ സാഹചര്യങ്ങളിൽ സ്വയം വിടുർത്തി മറ്റു ദേവാലയങ്ങളിലേക്ക് മാറുവാനും മെത്രാസനത്തിന്റെ അനുമതിയോ വിലക്കുകളൊ ബാധകമല്ല. ഇത്തരം ഒരു സാഹചര്യത്തിൽ മെത്രാസനത്തിന്റെ പ്രസക്തി പ്രകടിപ്പിക്കാനാവുമോ എന്നത് ചിന്തനീയം.

നമ്മുടെ വിശ്വാസത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരനായ മെത്രാപ്പോലീത്ത പൂർണ്ണമായി സമൂഹത്തിനുവേണ്ടി ഇവിടെ നിലനിൽക്കാനായത് ആത്മീയ പുരോഗതിക്ക് വഴി തെളിച്ചു എന്നത് കാലം തെളിയിച്ച വസ്തുതയാണ്. അപശക്തമായ ഒരു ഭൂതകാലത്തെ മാത്സര്യങ്ങളെ ഓർമ്മയിൽ

തള്ളി നീക്കി സമുദായത്തിന്റെ ആത്മീയ പുരോഗതി കൈവരിക്കാനായത് അമേരിക്കൻ ഭദ്രാസന ത്തിന്റെ പതിനഞ്ചു വർഷക്കാലത്തെ സാക്ഷിപത്രം. എന്നാൽ ഏതു പ്രസ്ഥാനവും പുരോഗതിയി ലേക്ക് നീങ്ങുമ്പോൾ കുറെപ്പേർ അതിനെ ബാൻഡ് വാഗനാക്കി അതിൽ കയറിപ്പറ്റാൻ ശ്രമിക്കും. പ്രതിഛായയും പ്രശസ്തിയുമാണ് ചിലർക്കാവശ്യം. വിഭജനത്തോടൊപ്പം ഒട്ടനവധി സാധ്യതക ളാണ് പലരും ആഗ്രഹിക്കുന്നത്. മെത്രാപ്പോലീത്താമാരും വികാരിമാരും തമ്മിലുള്ള പ്രതിബദ്ധതയും ഉത്തരവാദിത്തവും സങ്കീർണ്ണമായി വ്യാഖ്യാനിക്കപ്പെടുകയാണിവിടെ. മെത്രാപ്പോലീത്തായുടെ ഇടവക സന്ദർശനം ഒരു ഭാരമാണെ് തുറന്നു പറയുന്ന വികാരിമാർ മറ്റു മെത്രാസനാധിപന്മാരുടെ നിരന്തരമായ സന്ദർശനങ്ങളും ഇടപെടലുംമൂലം ഇടവകകളിലെ മെത്രാപ്പോലീത്തന്മാരോടുള്ള വിധേ യത്വം നിരന്തരം മാറിവരികയാണിവിടെ.

അമേരിക്കൻ നിയമത്തിന്റെ വെളിച്ചത്തിൽ ഇടവക പട്ടക്കാർ, മെത്രാപ്പോലീത്തായുടെ വികാരി എന്ന സ്ഥാനത്തിലുപരി കോർപ്പറേഷൻ പ്രസിഡന്റ് എന്ന രീതിയിൽ പ്രവർത്തിക്കുവാനാണ് ആഗ്ര ഹിക്കുക. തിരഞ്ഞെടുപ്പുകൂടാതെ അനസ്യൂതം പള്ളി കോർപ്പറേഷൻ പ്രസിഡന്റായി തുടരാൻ സഭാഭരണഘടനയും, മാറ്റപ്പെടാതിരിക്കാനും അധികാരം യഥാവിധി ചെലുത്താനും പാകത്തിൽ അമേരിക്കൻ ഭരണഘടനയും മാറി മാറി ചവിട്ടി, സ്വന്തം വിയർപ്പൊഴുക്കി കുടുംബം പോറ്റുന്ന വൈദികർക്ക് തുശ്ചമായി ലഭിക്കുന്ന ഇടവകവരുമാനം, കേവലം കൃത്യനിർവ്വഹണം എന്ന രീതിയി ലേക്ക് പൗരോഹിത്യത്തിന്റെ അവസ്ഥ ആക്കിത്തീർക്കപ്പെടുന്നു. ചില്ലറ ക്രമീകരണങ്ങളും പരിമി തമായ സമുദായപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ ശ്രേണിബന്ധമായ അധികാര ഇട പെടലിനു ഭദ്രാസനം ശ്രമിക്കുമ്പോഴാണ് പലപ്പോഴും മെത്രാസനത്തിന്റെ വിളറിയ മുഖം അനാവൃ തമാകുന്നത്.

ഇടവക പ്രസിഡന്റിന്റെ അനുവാദമില്ലാതെ മെത്രാപ്പോലീത്താമാർ പള്ളി സന്ദർശിക്കാനാ വില്ല എന്നു നിഷ്കർഷിക്കയും, മുന്നറിയിപ്പോടെ പള്ളിയിലേക്ക് കടക്കുവാൻ ശ്രമിച്ച മെത്രാപ്പോ ലീത്തായെ പള്ളി പ്രസിഡന്റിന്റെ ആവശ്യപ്രകാരം പൊലീസ് നീക്കം ചെയ്യുന്ന സാഹചര്യവും ഒക്കെ അമേരിക്കൻ അനുഭവങ്ങൾ. സഭാ നേതൃത്വത്തിലെ ശക്തകരങ്ങൾക്കും നിർവ്വികാരമായ ജനങ്ങൾക്കും മദ്ധ്യേ മെത്രാപ്പോലീത്ത അപഹാസ്യനാവുന്ന കഥാപാത്രമാണ്.

ജനങ്ങളും വൈദീകരും തമ്മിലുള്ള ബന്ധത്തിലും വൈരുദ്ധ്യമായ സമീപനമാണ് നില നിൽക്കുന്നത്. ഇടവക, കേവലം ഒരു franchise ഘടനയിലെ കണ്ണി എന്ന നിലയിലാണ് പ്രവർത്തി ക്കുന്നത്. ഇവിടെ ഇത്രയും സേവനമേ പ്രതീക്ഷിക്കാവൂ, “അല്ലെങ്കിൽ സ്ഥലം വിട്ടോ” എന്ന താക്കീതു വീഴുന്നതിനു മുമ്പേ പാലായനം ചെയ്യേണ്ടിവരുന്ന ഹതഭാഗ്യവാന്മാരുടെ നിശ്ശബ്ദമായ രോദനം ആരു കേൾക്കാൻ. വൈദികരെ മുഷിപ്പിച്ചാൽ ഇടവകസന്ദർശനം നിന്നു പോകുമെന്ന ഭയത്തിൽ ജനങ്ങളെ ശ്രദ്ധിക്കാതെ കണ്ണടച്ചു നിൽക്കേണ്ട, ആത്മാവിൽ ദു:ഖിക്കുന്ന മെത്രാപ്പോ ലീത്തായെ അമേരിക്കൻ ഭദ്രാസനത്തിൽ മാത്രം ഒരു പക്ഷേ കാണുവാനായേക്കും.

ചില വേറിട്ട കാഴ്ചകളിലൂടെ അമേരിക്കൻ ഭദ്രാസനപ്രവർത്തനങ്ങളെ വസ്തുതാപരമായ രീതിയിൽ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത് കഴിഞ്ഞ 5 വർഷങ്ങളായി വൈദീകരും അവൈദീക രുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ വെളിച്ചത്തിലാണ്.

ഭദ്രാസനവിഹിതമായി പിരിഞ്ഞു കിട്ടുന്ന പണം ഒരു ശരാശരി അമേരിക്കൻ കുടുംബത്തി നുള്ള വരുമാനത്തിൽ കൂടുതൽ ഇല്ല. (അത് മെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്ത് മെത്രാസന വരുമാനത്തിൽ പെടുത്തുില്ല.) ആയതിനാൽ വലിയ മെത്രാസസമുച്ചയം എന്ന ബ്രഹത്ത് സ്വപ്നം മാറ്റി വച്ച് അന്തസായ ഒരു മെത്രാസന ഭവനം എന്ന രീതിയിലേക്ക് ആസ്ഥാനസങ്കൽപ്പങ്ങൾ മാറ്റി വരച്ചു. ഇടവക പ്രശ്ന പരിഹാരമാണ് ഉദ്ദേശമെങ്കിൽ കേന്ദ്ര ഇടപെടലിനാണ് മുൻതൂക്കം. എപ്പി സ്ക്കോപ്പൽ സിനഡ് കമ്മീഷനും, തെളിവെടുപ്പും ഒക്കെ കഴിയുമ്പോൾ ഭദ്രാസനമെത്രാപ്പോലീ ത്തായ്ക്ക് കടലാസുപുലിയുടെ റോളിലേക്ക് ഒതുക്കി നിർത്തുന്ന സമീപനമാണ് കൂടെക്കൂടെ ഉണ്ടാ യിക്കൊണ്ടിരുന്നത്.

ഇനിയും ഭദ്രാസന ആവശ്യമനുസരിച്ച് വൈദികരെ വിദ്യാഭ്യാസത്തിന് കണ്ടെത്താനും അവരെ ഉത്തരവാദിത്വങ്ങൾക്കായി ചുമതലപ്പെടുത്തുവാനുമാണ് മെത്രാപ്പോലീത്തായുടെ ആവ ശ്യമെങ്കിൽ തെറ്റി. ഭൂരിഭാഗം വൈദികരും മറ്റു ഭദ്രാസനങ്ങൾക്കായി പട്ടം കൊടുക്കപ്പെട്ടവരാണ്. പലരും ഇപ്പോഴും പട്ടം കൊടുത്ത മെത്രാപ്പോലീത്തായോടാണ് കൂടുതൽ വിധേയത്വം പ്രകടിപ്പി ക്കുന്നത്. ചില മെത്രാപ്പോലീത്തന്മാർ അവരുടെ മെത്രാസനത്തിനുവേണ്ടി അമേരിക്കൻ ഭദ്രാസന ഇടവകകളിൽ നിന്നും ആളുകളെ കണ്ടെത്തി, മെത്രാപ്പോലീത്തായുടെ അനുമതി കൂടാതെ, അമേ രിക്കൻ ഭദ്രാസന ഇടവകകളിൽ വച്ചും, പുറത്തുവച്ചും പട്ടം കൊടുക്കുന്നത് ഇപ്പോൾ സർവ്വസാധാ രണം. ഏതെങ്കിലും യോഗ്യതയോ മാനദണ്ഡമോ ഇത്തരം പട്ടം കൊടകളിൽ കാണാറില്ല. താമ

സംവിനാ ഇവയൊക്കെ മുഖ്യവേദികളിൽ പ്രത്യക്ഷപ്പെടുകയും ശുശ്രൂഷ തുടങ്ങുകയും ചെയ്യു. ഇത്തരം ഒരു കുത്തഴിഞ്ഞ അവസ്ഥയിൽ മെത്രാസനത്തിൽ നിാേ സഭാകേന്ദ്രത്തിൽ നിാേ യാതൊരു വിധ നടപടിയും ഇതുവരെ ഉണ്ടായിീല്ല.

ന്യൂയോർക്ക് റീജിയണിൽ തെ മൂ മെത്രാപ്പോലീത്തന്മാർ സ്ഥിരമായി താമസിച്ച് ഇടവകകൾ സന്ദർശിക്കുുണ്ട്. കൂടാതെ ശരാശരി മൂന്നു മുതൽ ആറു വരെ മെത്രാപ്പോലീത്തന്മാർ സ്ഥിരമായി ഇവിടെ മിഷനറി യാത്ര നടത്തുന്നുണ്ട്. ചിലർ ഏതാനും ദിവസങ്ങളിലേക്ക് നാട്ടിൽ പോയി അത്യാവശ്യം കാര്യങ്ങൾ നടത്തി തിരികെ വരുന്നുമുണ്ട്. മാസങ്ങളോളം വീടുകളിൽ മാറി മാറി താമസിച്ച് പ്രശ്നങ്ങളുടെ ഭാഗഭാക്കുകളാവുന്നു. പലരും ഇവിടെ വന്നു പോകുന്നത് ഭദ്രാസനമെത്രാപ്പോലീത്ത അറിയുന്നേയില്ല.

ഇവിടുത്തെ ജീവിതരീതി നാട്ടിലെ ദിനചര്യപോലെ ചിന്തിക്കാനാവില്ല. ആഴ്ചയിൽ ആകെ ഒരു ദിവസമായിരിക്കാം പലർക്കും മിച്ചമുള്ളത്. അത് പള്ളിക്കാര്യങ്ങൾക്കായി നീക്കി വച്ചിരിക്കയാണ്. ഇടദിവസങ്ങളിൽ മെത്രാപ്പോലീത്തന്മാർക്കും വൈദികർക്കും ഇടവകകാര്യങ്ങളിൽ വ്യാപൃതരാകാൻ വലിയ സാധ്യതകൾ ഇല്ല. കൂദാശക്രമങ്ങൾ പോലും വാരാന്ത്യത്തിലെ സാധ്യമാവൂ. Full time priest ഉണ്ടെന്നു വീര്യംകൊള്ളുന്ന മർത്തോമ്മാ സഭാ സംവിധാനത്തിനും വാരാന്ത്യത്തിലേ ഫലപ്രദമായി എന്തെങ്കിലും ചെയ്യാനാവുന്നുള്ളൂ.

ആരാധന ക്രമീകരണങ്ങളിലും വൈവിധ്യം കാത്തുസൂക്ഷിക്കുന്ന ഇടവകകൾ ഉണ്ട്. പൊതുവായി ഉപയോഗിക്കുന്ന English ക്രമങ്ങൾ ഇല്ലാത്തതിനാൽ ഓരോരുത്തരും അവരവരുടെ ഔചിത്യം അനുസരിച്ച് എഴുതി ആരാധിക്കുന്നു. സെപ്തംമ്പർ 11 നും സുനാമി തുടങ്ങിയ വിഷയങ്ങൾ വരെ പ്രുമയോനിലും സെദറയിലും കടന്നു കൂടുന്നു. 6 തുബ്ദേൻ കൂടുതലായതിനാൽ സ്പഷ്ടമായ ഒരു തുബ്ദേനിൽ സമയലാഭം, അപ്പവും വീഞ്ഞും വാഴ്ത്തുമ്പോൾ – ‘ഇവ തിരുശരീരരക്തങ്ങളാവട്ടെ’ എന്നല്ല, ‘ആയിത്തീർന്നു’ എന്ന ഭാഷാമൊഴി – അതിവിചിത്രമായ പല ശ്രമങ്ങളും ഇവിടെ പരീക്ഷിക്കുന്നു. ആരാധനാ ക്രമീകരണങ്ങൾക്കായും ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കാനും ഭദ്രാസനപൊതുയോഗം തീരുമാനമെടുത്തിട്ട് വർഷം മൂന്നുകഴിഞ്ഞു. ഇതുവരെ ഒരു ആലോചനാ യോഗംപോലും ചേരാൻ കഴിഞ്ഞിട്ടില്ല. അതുപോലെ പ്രതീക്ഷയോടെ തുടക്കമിട്ട പുരുഷവേദി, Theological Education Fund, ദിവ്യബോധനം പദ്ധതി, ചാരിറ്റി പ്രോജക്റ്റുകൾ എന്നിവയെപ്പറ്റിയുള്ള തീരുമാനങ്ങൾ പേപ്പറിൽ ഉറങ്ങുന്നു. 25% വൈദികർ പോലും വൈദിക യോഗങ്ങളിൽ സംബന്ധിക്കാറില്ല. ഇവിടെ ഒട്ടും നിർബന്ധിക്കാൻ സാധിക്കാത്തതിനാൽ ഒക്കെ സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുന്ന സാംസ്കാരിക അപജയം നമ്മുടെ സമൂഹത്തിൽ പ്രകടമാണ്. ഇവിടെ ഗുരുഭക്തി പ്രകടിപ്പിക്കാറില്ലാത്തതിനാൽ മുകൾത്തട്ടിലേക്ക് ഉള്ള ഭക്തിപ്രകടനങ്ങൾ തീരെ പഴഞ്ചൻ ആചാരമായി തീർന്നിരിക്കുന്നു. വളരെ പ്രതീക്ഷയോടെ കൊട്ടിഘോഷിച്ച പുതിയ തലമുറയുടെ നേതൃത്വനിര ഇന്ന് അനിശ്ചിതത്വത്തിലാണ്. ഉന്നതമായരീതിയിൽ സെക്യുലർ വിദ്യാഭ്യാസത്തിനുശേഷം മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ ഇവിടെ ഓർത്തഡോക്സ് സെമിനാരികളിൽ പഠിച്ചിറങ്ങിയ പുതിയ തലമുറയ്ക്ക് സഭയ്ക്ക് ഉതകുന്ന രീതിയിൽ പരിശീലിപ്പിക്കാൻ കഴിയാതെ, വ്യക്തമായ ലക്ഷ്യങ്ങളില്ലാതെ അലയുന്നു. അവർ സ്വയം വ്യാഖ്യാനിക്കയും സ്വന്തം വഴികൾ തേടുകയും സ്വന്തമായ ആരാധനാ ക്രമീകരണങ്ങളും കൊണ്ടുവന്നിരിക്കയാണ്. ചുരുക്കത്തിൽ രണ്ടു തരം പള്ളികൾ അമേരിക്കൻ ഭദ്രാസനത്തിൽ തുടങ്ങി കഴിഞ്ഞു.

ഇടവകപള്ളികൾ പലതും കഴിഞ്ഞ കാലയളവിൽ വാടക കെട്ടിടങ്ങളിൽ നിന്നും സ്വന്തമായ കേന്ദ്രങ്ങളിലേക്ക് മാറ്റപ്പെ്‘ട്ടപ്പോൾ ഒപ്പം ബാദ്ധ്യതകളും വർദ്ധിച്ചു. ന്യൂയോർക്കിന് ചുറ്റുപാടും ആരാധനാലയങ്ങൾ സംഘടിപ്പിക്കാൻ പണച്ചിലവേറും എന്നാൽ West South region ൽ വിസ്തൃതമായ സ്ഥലം ലഭ്യമായതിനാലും ചിലവു കുറവായതിനാലും ഭദ്രാസനസിരാകേന്ദ്രം Southern region ൽ കേന്ദ്രീകരിക്കാൻ ആയാൽ നല്ലത്. സെമിനാരി, ദയറാ, കോഫറൻസ് സെന്റർ തുടങ്ങി വലിയ പദ്ധതികൾ അവിടെ ആവിഷ്ക്കരിക്കാനാവും. ലോകതലസ്ഥാനമായ ന്യൂയോർക്ക് സിറ്റിയിൽ മുഖ്യകേന്ദ്രവും ചിക്കാഗോ, ഫ്ളോറിഡാ തുടങ്ങിയ സ്ഥലങ്ങളിൽ സെന്ററുകളും ആരംഭിച്ച് അവിടവിടെ മെത്രാപ്പോലീത്ത നിശ്ചിത കാലയളവിൽ താമസിക്കയും ഇടവകകളിലെ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്താൽ സമുദായത്തിന് പ്രയോജനമുണ്ടാവും.

എന്നാലിവിടെ ഭദ്രാസനം രണ്ടോ മൂന്നോ ആയി വികസിച്ചാൽ കുറച്ചു മെത്രാപ്പോലീത്തന്മാർക്കു കൂടി ഇടവക സന്ദർശനം ചെയ്യാനാവും എന്നതിൽ കവിഞ്ഞ് സാധാരണക്കാരെ സംബന്ധിച്ച് ചില്ലറ ബാദ്ധ്യതകൾ വർദ്ധിക്ക മാത്രമേ ഉണ്ടാവുകയുള്ളു. ഭദ്രാസന കൗൺസിൽ വിപുലീകരിക്കയും ഓരോ region ൽ അതാത് കൗൺസലറന്മാരെ തിരഞ്ഞെടുക്കയും മെത്രാസന പൊതുയോഗത്തിൽ അംഗീകരിക്കയും വേണം. ഓരോ region നും വ്യക്തമായ regional ബഡ്ജറ്റും

പദ്ധതികളും ഉണ്ടാവണം. അസംബ്ലിയിലെ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ ബാലറ്റ് അംഗീകരിക്കയും ഭദ്രാസന യോഗങ്ങളിൽ ടെലി കോഫറൻസുകൾ അംഗീകരിക്കയും വേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഇടവകകളേയും വ്യക്തികളേയും ബന്ധിപ്പിക്കാൻ ഉതകുന്ന നെറ്റവർക്ക് ഡയറക്റ്ററി ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതും ഖേദകരമാണ്. ഭദ്രാസനത്തിന്റെ പൊതുസ്വത്തുക്കൾ മെത്രാൻ, വൈദികർ ആത്മീയ ട്രസ്റ്റിന്റെ പൊതു ഉത്തരവാദിത്വത്തിൽ ആയിരിക്കേണ്ടതും മെത്രാസനത്തിൽ അവൈദിക ട്രെഷറർ ഉണ്ടാവേണ്ടതും അത്യാവശ്യമാണ്. ഇടവക മിഷൻ പ്രവർത്തനങ്ങളിൽ ആത്മായ നേതൃത്വം ഉപയോഗിക്കുവാൻ വേണ്ടി ആത്മ മിഷൻ ട്രെയ്നിംഗ് കേന്ദ്രം ഉണ്ടാവേണ്ടിയിരിക്കുന്നു. തകർന്നു കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളിലേക്ക് ആശ്വാസം പകർന്നു നൽകാൻ ഇവിടുത്തെ സാഹചര്യത്തിന് ഉതകുന്ന കൗസിലിംഗ് മറ്റു supports systems ഉം അത്യാവശ്യമാണ്. പുതിയ തലമുറയിൽ അവിവാഹിതരായി കഴിയാൻ ആഗ്രഹിക്കുന്ന ഒരു വലിയ കൂട്ടം കാണാൻ സാദ്ധ്യതയുള്ളതിനാൽ അവർക്ക് ഉതകുന്ന ഒരു ക്രമീകരണവും ആരായേണ്ടിയിരിക്കുന്നു. ഒപ്പം retirement ലേക്ക് എത്തിക്കൊണ്ടിരിക്കുന്നവരും retire ചെയ്തവരുമായ ഒരു വലിയ കൂട്ടം seniors ന് കമ്മ്യൂണിറ്റി സെന്ററുകൾ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. മറ്റു പല സമൂഹങ്ങളും വിവിധ പദ്ധതികളുമായി വളരെയേറെ മുൻപിൽ എത്തികഴിഞ്ഞിട്ടും പരസ്പരം വിരലുകൾ ചൂണ്ടി നിന്ന് നാം നമ്മുടെ സ്വതവേയുള്ള നിഷ്ക്രിയ പല്ലവി ഉരുവിടുകയാണ്. അൻപതിനായിരത്തിലധികം കേരളീയ കുടുംബങ്ങൾ അമേരിക്കയിൽ താമസിക്കുമ്പോഴും ഓരോ സമൂഹവും അവരവരുടേതായ സംസ്കാര വിശ്വാസകേന്ദ്രങ്ങളിലാണ് ആശയർപ്പിക്കുന്നത്. ഇവിടുത്തെ 5000 ത്തിലധികം വരുന്ന കുടുംബങ്ങളെപ്പറ്റി ചിന്തിക്കാനുള്ള ധാർമ്മീക ഉത്തരവാദിത്തം കൂടി നമ്മുടെ സമുദായ നേതൃത്വത്തിനുണ്ട് എന്നത് വിസ്മരിക്കാനാവില്ല. തീർച്ചയായും ഇന്നത്തെ യാഥാർത്ഥ്യങ്ങളിൽ നിന്നും അനാവശ്യവും ഒഴിവാക്കപ്പെടേണ്ടതുമായ സംഗതികൾ ഉണ്ട്, ഭാഗികമായി ഒഴിവാക്കാവുതും നിയന്ത്രിക്കാനാവുന്നതുമുണ്ട്. ശാസ്ത്രീയ ബോധത്തോടും യുക്തിയോടെയും പോംവഴികൾ ആരായുകയാണ് വേണ്ടത്. സദുദ്ദേശത്തോടുകൂടിയല്ലാതെ തുടങ്ങിയ പല കാര്യങ്ങളും ചരിത്രപരമായ അബദ്ധങ്ങളായി തീർന്നു എന്ന അവബോധമാണ് നമ്മെ നയിക്കേണ്ടത്. ചില അപകട മണിമുഴക്കങ്ങൾ നമ്മെ നിരന്തരം ഉണർത്താൻ ശ്രമിക്കുന്നത് നമ്മുടെ അസ്ഥിത്വത്തെ കുറിച്ചുള്ള ആശങ്കയും സന്തുലനത്തിനു വേണ്ടിയുള്ള ആഗ്രഹവും കൊണ്ടാകാം. നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന ഒരു ദുര്യോഗം, അധമമായ വൈരാഗ്യങ്ങൾ വച്ചു പുലർത്തുകയും വിദ്വേഷങ്ങൾ പരത്തുകയും ചെയ്യുന്ന പ്രവണതയാണ്. ആത്മാർത്ഥതയും ധാർമ്മിക ബോധവും കൂടിയ പുരോഗമനപരമായ ഒരു കാൽവെയ്പ്പിനാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.